കുമ്മായ വിതരണത്തിനായി 14,63,400 രൂപയും അനുവദിച്ചിട്ടുണ്ട്. മുളന്തുരുത്തി ബ്ലോക്ക് പരിധിയിൽ തരിശു നെൽകൃഷിക്ക് 7,81,660 രൂപയും നെൽകൃഷിക്ക് കുമ്മായം നൽകുന്ന സോയിൽഹെൽത്ത് മാനേജ്മെന്റ് പദ്ധതികൾക്കായി 73,44,000 രൂപയും അനുവദിച്ചിട്ടുണ്ട്. സമഗ്രനെൽകൃഷി വികസനത്തിനായി മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് തോട്ടറ പുഞ്ചയിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി എടയ്ക്കാട്ടുവയൽ, ആമ്പല്ലൂർ പഞ്ചായത്തുകളുമായി സഹകരിച്ച് തോട്ടറപുഞ്ചയിലെ പാടശേഖരങ്ങൾക്ക് 20,00,000 രൂപയുടെ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**കാർഷിക മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ**

7(2726) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ കാർഷിക മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കാർഷിക മേഖലയിൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള ഒരു പദ്ധതിയാണ് അഗ്രോ സർവ്വീസ് സെന്റർ & സർവ്വീസ് ഡെലിവറി. ഈ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് 2020-21 വരെ ബ്ലോക്ക് തലത്തിൽ 99 അഗ്രോ സർവ്വീസ് സെന്ററുകളും പഞ്ചായത്ത് തലത്തിൽ 368 കാർഷിക കർമ്മസേനകളും രൂപീകരിച്ചിട്ടുണ്ട്. 2021-22-ൽ ഈ പദ്ധതിയിൻ കീഴിൽ ബ്ലോക്ക്തലത്തിൽ 8 പുതിയ കൃഷിശ്രീ സെന്ററുകൾ (അഗ്രോ സർവ്വീസ് സെന്ററുകൾ) രൂപീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കാർഷിക മേഖലയിൽ തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ളതാണ് ടി പദ്ധതി. കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുക, തൊഴിലാളി കുറവുമൂലം തരിശായി കിടക്കുന്ന കൃഷിയിടങ്ങൾ കൃഷിയോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉത്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവയൊക്കെ ഇതിന്റെ ലക്ഷ്യങ്ങളാണ്. കാർഷിക മേഖലയിൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട കൃഷി വകുപ്പിന്റെയും സഹകരണ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന യൂണിറ്റുകൾ തുടങ്ങുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കുമ്പോഴും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതാണ്. ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സംയോജിത ഭക്ഷ്യസുരക്ഷാ പദ്ധതിയായ സുഭിക്ഷ കേരളം പദ്ധതിയുടെ ഒരു പ്രധാന ഘടകമാണ് ജൈവ ഗൃഹം-സംയോജിത കൃഷി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(IFS). പ്രധാന കൃഷിക്കൊപ്പം അനുബന്ധ സംരംഭങ്ങളായ കോഴി വളർത്തൽ, ആട്ടു വളർത്തൽ, പോഷകത്തോട്ടം, തേനീച്ച കൃഷി, കൂൺകൃഷി, പശു വളർത്തൽ, മത്സ്യ കൃഷി, ജൈവവള നിർമ്മാണം, മുയൽ വളർത്തൽ, അക്വാപോണിക്സ് തുടങ്ങിയവയിൽ നിന്നും 5 സംരംഭങ്ങളെങ്കിലും ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ് 'ജൈവ ഗൃഹം" പദ്ധതി. കർഷക വരുമാനം വർദ്ധിപ്പിക്കുക എന്ന സംസ്ഥാന സർക്കാരിന്റെ ആശയത്തിന്റെ അടിസ്ഥാനത്തിലാണ് ഈയൊരു പദ്ധതി ആവിഷ്ക്കരിക്കപ്പെട്ടി രിക്കുന്നത്. ഒന്നിലധികം സംരംഭങ്ങളുള്ളതുകൊണ്ടുതന്നെ വർഷം മുഴുവൻ വരുമാനം കർഷകന് ഉറപ്പുവരുത്താനാകും എന്നതാണ് സംയോജിത യൂണിറ്റുകളുടെ പ്രത്യേകത. പരമാവധി യുവാക്കളെയും കോവിഡ്-19 മൂലം നാട്ടിൽ തിരിച്ചെത്തിയിട്ടുള്ള പ്രവാസികളെയും കൃഷിയിലേയ്ക്ക് ആകർഷിച്ച് ഒരു സുസ്ഥിരവരുമാനം ഉറപ്പുവരുത്തുക എന്നതുകൂടി പദ്ധതി ലക്ഷ്യമിടുന്നുണ്ട്. 2748 യുവാക്കളും 704 പ്രവാസികളും 2717 വനിതകളും ഉൾപ്പെടെ ഇതുവരെ 14680 ഗുണഭോക്താക്കളാണ് രജിസ്റ്റർ ചെയ്ത് സംരംഭങ്ങൾ ആരംഭിച്ചിരിക്കുന്നത്. 14000 ഗുണഭോക്താക്കളായിരുന്നു ലക്ഷ്യമെങ്കിലും പദ്ധതിയുടെ പൊതുസ്വീകാര്യതമൂലം കൂടുതൽ ഗുണഭോക്താക്കൾ ഈ പദ്ധതിയുടെ ഭാഗമായി. ഓരോ ഗുണഭോക്താവും വരവുചെലവുകൾ കണക്കാക്കി വ്യക്തമായ ഫാം പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ളതിനേക്കാൾ അധിക വരുമാനവും സുസ്ഥിര ആദായവും ഉറപ്പുവരുത്തുന്ന രീതിയിലാണ് കൃഷി അനുബന്ധ മേഖലയിലെ വിദഗ്ദ്ധരുടെ സഹായത്തോടെ ഫാം പ്ലാനുകൾ അംഗീകരിച്ച് നടപ്പിലാക്കുന്നത്. സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി പ്രകാരം ഉത്പന്നങ്ങളുടെ മൂല്യ വർദ്ധനവ് നടത്തുന്നതിനായി സഹായം നൽകിയിട്ടുണ്ട്. കൂടാതെ 2020-21 വർഷത്തിൽ സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിനായി 200 ലക്ഷം രൂപ വകകൊള്ളിച്ചിരുന്നു. വൈഗ 2021-ന്റെ ഭാഗമായി സ്റ്റാർട്ടപ്പുകളെ സംഘടിപ്പിച്ചുകൊണ്ട് മാർക്കറ്റിംഗ് രംഗത്ത് ഓൺലൈൻ സംവിധാനം ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### സംസ്ഥാനത്ത് പ്ലേഗ് പുഴുവിന്റെ സാന്നിദ്ധ്യം

8 (2727) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികവിളകളുടെ നിലനിൽപ്പിന് ഭീഷണിയുയർത്തുന്ന പ്ലേഗ് പുഴുവിന്റെ സാന്നിദ്ധ്യം സംസ്ഥാനത്ത് കണ്ടെത്തുകയുണ്ടായോ?

കണ്ടെത്തിയിട്ടുണ്ട്.